# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 513
# 04/02/2020 ലെ മറുപടിക്ക്

## ട്രഷറി നിയന്ത്രണവും ആസ്തി വികസന ഫണ്ടും

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ട്രഷറികളിൽ നിന്നും ബില്ലുകൾ മാറി നൽകാത്തത് മൂലം എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കാൻ പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | കേന്ദ്ര നികുതി വിഹിതം, ജി.എസ്.ടി നഷ്ടപരിഹാരത്തുക എന്നിവയിലുണ്ടായ കുറവും വായ്പാ പരിധി കുറച്ചതും എല്ലാം മൂലം ലിക്വിഡിറ്റിയിൽ വന്ന പ്രയാസം പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നിയന്ത്രണങ്ങളാണ് ട്രഷറിയിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ക്ഷേമ, ആശ്വാസ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധമാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. കരാറുകാർക്കും സാധനങ്ങളും സേവനങ്ങളും സപ്ലൈചെയ്യുന്നവർക്കും പുതിയതായി ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം കൊണ്ടുവന്നത് ഇതു മൂലമുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | എം.എൽ.എ.ഫണ്ടിൽ നിന്നുള്ള സ്കൂൾ ബസ്, കുടിവെള്ള പദ്ധതി എന്നിവയെ അവശ്യ സർവ്വീസായി പരിഗണിച്ച് ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | |
| (സി) | ട്രഷറി നിയന്ത്രണം മൂലം സംസ്ഥാനത്ത് ട്രഷറികളിൽ കെട്ടിക്കിടക്കുന്ന എം.എൽ.എ.ഫണ്ട് പ്രവൃത്തി ബില്ലുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നത് ബന്ധപ്പെട്ട ഗുണഭോക്തൃ വകുപ്പുകളായതിനാൽ ട്രഷറി നിയന്ത്രണം മൂലം മാറി നൽകാതിരിക്കുന്ന ഇത്തരം ബില്ലുകളെ സംബന്ധിച്ച വിവരം കൃത്യമായി പ്രസ്തുത വകുപ്പുകൾക്ക് മാത്രമേ നൽകാൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ